(സി) റോഡ്, നടപ്പാത എന്നിവയുടെ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളത്തോട്ട നിർമ്മാണം തുടങ്ങിയവ ഉൾപ്പെടുത്തി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സമഗ്ര വികസനം നടപ്പാക്കുന്നു.

മിഷൻ 676-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സമ്പൂർണ്ണ ഭവന പദ്ധതി

336 (687) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബബാഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(സി) എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഭവനരഹിതരായ 30308 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മിഷൻ 676-ൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം നടത്തുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതി, ഐ.എ.വൈ. പദ്ധതി, ഹഡ്കോ ലോൺ മുഖാന്തരമുള്ള ഭവന നിർമ്മാണ പദ്ധതി എന്നിവയിലൂടെ ലക്ഷ്യം സാക്ഷാത്കരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജനറൽ ഹൗസിംഗ് പദ്ധതി വഴി നടപ്പുവർഷം 2000 വീടുകളും, ഐ.എ.വൈ. പദ്ധതി മുഖാന്തിരം 9337 വീടുകളും, ഹഡ്കോ ലോൺ ഉപയോഗിച്ച് ആകെ 5000 വീടുകളും നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ജനറൽ ഹൗസിംഗ് പദ്ധതി നടത്തിപ്പിനായി അനുമതിയും ഫണ്ടും നൽകി കഴിഞ്ഞു. ഐ.എ.വൈ. പദ്ധതി ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഹഡ്കോ ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

യുവജന നയം

337 (688) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പദ്ധതിയുമായി ആരെയെല്ലാം സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട് ; യുവജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. സംരംഭകത്വവികസന പരിപാടി
2. ജീവദായിനി
3. പുനർജനി
4. കാർഷികയുവത്വം
5. PSC/IBPS സൗജന്യപരീക്ഷാ പരിശീലന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly